**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 5 18.03.13-ലെ മറുപടിയ്ക്ക്

# കാബിനറ്റ് നോട്ടിലെ സെക്രട്ടറിമാരുടെ വിയോജനക്കുറിപ്പുകൾ

ചോദ്യം
ശ്രീ. കെ. രാധാകൃഷ്ണൻ
" കോടിയേരി ബാലകൃഷ്ണൻ
" എസ്.ശർമ്മ
" എ.കെ.ബാലൻ

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു.മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ). | മന്ത്രിസഭാ തീരുമാനങ്ങൾക്കായി സമർപ്പിക്കുന്ന കാബിനറ്റ് നോട്ടിൽ വകുപ്പ് സെക്രട്ടറിമാർക്ക് വിയോജനക്കുറിപ്പെഴുതാം എന്ന് ഇപ്പോൾ ഓർമ്മിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നു ; വ്യക്തമാക്കുമോ ; | (എ) | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ, എല്ലാ വകുപ്പ് സെക്രട്ടറിമാരുമായുള്ള പ്രതിമാസ മീറ്റിംഗ് നടന്നു വരുന്നുണ്ട്. 04.02.2013-ൽ നടന്ന ചർച്ചയിൽ ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പല നിർദ്ദേശങ്ങളും ചർച്ച ചെയ്തു. ക്യാബിനറ്റ് നോട്ട് തയ്യാറാക്കുന്ന നടപടിക്രമങ്ങളെക്കുറിച്ചും, ക്യാബിനറ്റ് തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനെക്കുറിച്ചും, ധനകാര്യവകുപ്പിനെ കാണിച്ചതിനുശേഷം ഉത്തരവുകൾ ഇറക്കുന്നതിനെക്കുറിച്ചുമെല്ലാം യോഗം ചർച്ച ചെയ്തു. ഇതിനോടനുബന്ധിച്ചാണ് സെക്രട്ടറിമാരുടെ അഭിപ്രായം (പ്രത്യേകിച്ചും വിയോജനമുള്ള കേസുകളിൽ) ഫയലിൽ തന്നെ കുറിക്കണമെന്നും മന്ത്രിസഭാകുറിപ്പിന്റെ ഭാഗമാക്കണമെന്നും ചർച്ചയിൽ തീരുമാനിച്ചത്. |
| (ബി) | ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സെക്രട്ടറിമാരുടെ യോഗ തീരുമാനത്തിന് മുഖ്യമന്ത്രി അംഗീകാരം നൽകിയിട്ടുണ്ടോ; ഇതേ തുടർന്ന് പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | മിനിട്സ് അംഗീകരിക്കുന്നത് സാധാരണയായി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുന്നയാളാണ്. (ഈ കേസിൽ ചീഫ് സെക്രട്ടറി). ആയതിനാൽ 04.02.2013-ലെ യോഗം മിനിട്സ് അംഗീകരിക്കുന്നതിനായി മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കുലർ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | മന്ത്രിമാർ സ്വന്തം നിലയിൽ തയ്യാറാക്കുന്ന പദ്ധതികളോടും തീരുമാനങ്ങളോടും വിയോജിക്കാൻ നിലവിൽ വകുപ്പ് സെക്രട്ടറിമാർക്കുള്ള അധികാരം സംബന്ധിച്ച നിയമ വ്യവസ്ഥകൾ വിശദമാക്കുമോ ; | (സി) | മന്ത്രിമാർ സ്വന്തം നിലയിൽ തയ്യാറാക്കുന്ന പദ്ധതികളോടും തീരുമാനങ്ങളോടും വിയോജിക്കാൻ വകുപ്പ് സെക്രട്ടറിമാർക്കുള്ള അധികാരം സംബന്ധിച്ച പ്രത്യേക നിയമ വ്യവസ്ഥകൾ റൂൾസ് ഓഫ് ബിസിനസ്സ്, കേരള ഗവ. സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷൻസ്, ഡലിഗേഷൻ ഓഫ് പവ്വേഴ്സ്, സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ എന്നിവയിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ല.. എന്നാൽ ഏതു ഫയലിലും തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താനുള്ള അവകാശവും സ്വാതന്ത്ര്യവും സെക്രട്ടറിമാർക്ക് ഉണ്ട്. |
| (ഡി) | ഇപ്പോഴത്തെ ഏതെല്ലാം മന്ത്രിമാരിൽ നിന്നും ഏതെല്ലാം സെക്രട്ടറിമാർക്കാണ് ഇത്തരത്തിലുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (ഡി) | ഇക്കാര്യം ശ്രദ്ധയിൽ പെട്ടിട്ടില്ല. |

**സെക്ഷൻ ആഫീസർ**